# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1176 31.10.2019 ൽ മറുപടിക്ക്

## ദേശീയപാതകളുടെ വികസനം

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

**മറുപടി**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം ഇപ്പോഴും യാഥാർത്ഥ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ സംസ്ഥാനം ഇതുവരെ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1,High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും, High-2 ഇനത്തിൽപെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ,3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം ) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 02.05.2019 ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിൽപെട്ടവയായിട്ടാണ് NHA1 കണക്കാക്കിയിരുന്നത്. തുടർന്ന് വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും ബഹു.മുഖ്യമന്ത്രിയും ബഹു.പൊതുമരാമത്തു വകുപ്പ് മന്ത്രിയും കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയുമായി ചർച്ച നടത്തുകയും High 2-ൽ നിന്നും മുൻഗണനാക്രമം മാറ്റി നൽകാമെന്നു സമ്മതിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ ദേശീയപാത 66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ,മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക |

| | | |
|---|---|---|
| | | സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 03.10.2019 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. NHAI 17.10.2019 ൽ സംസ്ഥാന സർക്കാരിന് നൽകിയ കത്ത് പ്രകാരം 349.70 കോടി രൂപ ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന വിഹിതമായി നൽകേണ്ടി വരുമെന്ന് അറിയിച്ചിട്ടുണ്ട്. അത് പ്രകാരം സംസ്ഥാന വിഹിതം എൻ.എച്ച്.എ.ഐ യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ തുടർച്ചയായി കാസർഗോഡ് ജില്ലയിലെ റീച്ചുകൾ ഉൾപ്പെടെ ടെണ്ടർ നടപടികൾ പുരോഗതിയാണെന്ന് NHA1 അറിയിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രവും ദേശീയപാത അതോറിറ്റിയുമാണ് തുടർനടപടികൾ വൈകിപ്പിക്കുന്നതെന്നത് ശരിയാണോ; എങ്കിൽ വിശദമാക്കാമോ; | (സി) കേരളത്തിൽ ഭൂമിയുടെ വില കൂടുതലാണെന്ന പ്രശ്നത്തിന്റെ പേരിൽ NHA1 കാലതാമസം വരുത്തിയിട്ടുണ്ട്. കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 03.10.2019 ന് ഭൂമി വില പങ്കു വെയ്ക്കുന്നതിനു ധാരണാപത്രം ഒപ്പുവച്ചതിനെത്തുടർന്ന് നടപടികൾക്ക് വേഗം കൈവന്നിട്ടുണ്ട്. |
| (ഡി) | ദേശീയപാതകളുടെ വികസനത്തിന് കേന്ദ്രം ആവശ്യപ്പെട്ട വിഹിതം എത്രയാണെന്നും പ്രസ്തുത തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (ഡി) ദേശീയപാത 66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ,മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിക്കുകയും ചെയ്തു NHAI 17.10.2019 ൽ സംസ്ഥാന സർക്കാരിന് നൽകിയ കത്ത് പ്രകാരം നടപടി ക്രമങ്ങൾ പൂർത്തിയായ ഭൂമിക്ക് 349.70 കോടി രൂപ ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന വിഹിതമായി നൽകേണ്ടി വരുമെന്ന് അറിയിച്ചിട്ടുണ്ട്. അത് പ്രകാരം സംസ്ഥാന വിഹിതം എൻ.എച്ച്.എ.ഐ യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കി ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്കു മാത്രമേ കൃത്യമായ തുക കണക്കാക്കാനാവുകയുള്ളൂ. NHA1 യുടെ |

ഏകദേശ കണക്കുകൾ പ്രകാരം 5500 കോടിയോളം രൂപയാണ് പ്രതീക്ഷിക്കുന്നത്. അന്തിമ കണക്കെടുപ്പിനനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരുന്നതാണ്.

**സെക്ഷൻ ഓഫീസർ**